ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി ഗ്രാമ പഞ്ചായത്തിൽ വ്യവസായ പാർക്കിനായി 4 ഏക്കർ സ്ഥലം വിലകൊടുത്ത് സിഡ്കോയ്ക്ക് കൈമാറാമെന്ന് പഞ്ചായത്ത് സെക്രട്ടറി കത്തുമുഖേന സിഡ്കോയെ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലം സിഡ്കോയ്ക്ക് കൈമാറിയാൽ നടപടിയെടുക്കുന്നതാണ്.

(സി) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം സിഡ്കോയ്ക്ക് ലഭ്യമാക്കിയാൽ വ്യവസായികൾക്ക് ആവശ്യമായ റോഡുകൾ, കിണർ, ജലവിതരണ സംവിധാനം, വിദ്യുച്ഛക്തി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കും. കൂടാതെ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിതരണം സിഡ്കോയുടെ റോമെറ്റീരിയൽ ഡിവിഷൻ വഴിയും ഉൽപ്പന്നങ്ങളുടെ വിപണനം മാർക്കറ്റിംഗ് ഡിവിഷൻ വഴിയും നടത്തുന്നതിനുള്ള സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നതാണ്.

22 (597) കെല്ലിലെ തൊഴിൽ കരാറിന്റെ കാലാവധി

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെല്ലിലെ തൊഴിലാളികളുടെ ദീർഘകാല കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത്;

(ബി) കരാർ പുതുക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(സി) കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്?

ഉത്തരം

(എ) 30/6/99-ൽ അവസാനിച്ചു.

(ബി) കാസർഗോഡ് യൂണിറ്റിലെ വേതന പരിഷ്കരണം സംബന്ധിച്ച് ടി യൂണിറ്റിലെ ട്രേഡ് യൂണിയനുകളുമായി മാനേജ്മെന്റ്തലത്തിലും സർക്കാർ തലത്തിലും നിരവധി ചർച്ചകൾ നടന്നു. 17/2/2000-ൽ സർക്കാർ തലത്തിൽ നടന്ന ചർച്ചയിൽ ഇക്കാര്യം സംബന്ധിച്ച് ഒരു ധാരണ ആയിട്ടുണ്ട്.

(സി) ഒപ്പുവെച്ചശേഷമേ വിശദാംശങ്ങൾ നൽകാൻ കഴിയൂ.

23 (598) കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകാര്യത്തെ കെൽട്രോൺ കൗണ്ടേഴ്സ് ലിമി. തകർച്ചയിലേക്ക് നീങ്ങുകയാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോ;

(സി) ഈ പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കുവാൻ അടിയന്തിരമായി നടപടികൾ കൈക്കൊള്ളുമോ;

LIBRARY ARCHIVES Kerala Legislative Assembly